# പിശാചിൻെറ
# തോഴന്മാരും എതിരാളികളും

Jthrees@hotmail.com

പരസ്യമായി പിശാചിൻെറ എതിരാളി. രഹസ്യമായി അവൻെറ തോഴൻ. ഈ സമീപനത്തെ നാം സൂക്ഷിക്കണം.

തനിച്ചാകുമ്പോഴാണ് പലരുടെയും പിശാച് പുറത്തുചാടുക. അത്തരക്കാർ ആൾക്കൂട്ടത്തിൽ വിശുദ്ധരുമായിരിക്കും. പിശാചിന് സ്വാധീനമുള്ള മനസ്സും ശരീരവുമാണ് അവരുടെത്. തങ്ങളുടെ രഹസ്യജീവിതത്തിൽ വിശുദ്ധി പുലർത്താനും പ്രയാസമുള്ള ധാർമികരംഗങ്ങളിൽ ഉറച്ചുനില്ക്കാനും അത്തരക്കാർക്ക് ഏറെയൊന്നും സാധിക്കുകയില്ല. സുഖഭോഗങ്ങൾ നഷ്ടപ്പെടുമെന്ന പൈശാചിക പ്രകോപനമാണ് അതിന് പ്രേരകം.

ഇഛകളെ സംസ്കരിക്കാൻ തയാറാകാത്തവരാണ് പൈശാചികപ്രലോഭനങ്ങൾക്ക് വളരെ പെട്ടെന്ന് കീഴടങ്ങുക. പൈപശാചികവൃത്തിയും അതിനുള്ള സംവിധാനവും കൂടുതലാണിന്ന്. മനുഷ്യരെ ആത്മീയമായി നശിപ്പിക്കുവാനും ബന്ധങ്ങൾ വളഷാക്കുവാനും മുമ്പുണ്ടായിരുന്നതിനെക്കാൾ വിപുലമായ സാങ്കേതിക വിദ്യകളാണ് ഇന്ന് ഉപയോഗപ്പെടുത്തപ്പെടുന്നത്. ജീവിതത്തിൽ വിശുദ്ധി പാലിക്കാത്ത ആളുകളെയാണ് പിശാച് തൻെറ തന്ത്രങ്ങളുടെ വ്യാപനത്തിനായി ഉപയോഗപ്പെടുത്തുന്നത്. അത്തരക്കാർ രഹസ്യമായി പിശാചിൻെറ തോഴരും അവൻെറ കുതന്ത്രങ്ങളിൽ അകപ്പെട്ടുപോയവരുമാണ്.

ചീത്തയും അധാർമികവുമായ കാര്യങ്ങളെ മനുഷ്യമനസ്സുകൾക്ക് ആകർഷണീയമാക്കി കൊടുക്കുകയത്രെ പിശാചിൻെറ രീതി. ആളുകളും അവരുടെ മീഡിയകളുമൊക്കെ ഇതിൻെറ പ്രചാരകരായി മാറുന്ന പ്രവണത വർധിച്ചുവരികയാണ്. ചീത്ത സ്വഭാവങ്ങളും ദുഷ്കൃത്യങ്ങളും പിശാച് വളർത്തുന്നത് അവനുമായി സഹകരിക്കുന്നവരിലൂടെയാണ്. അവ സമൂഹത്തിൽ മാറാവ്യാധിയായി വളരെ വേഗത്തിലാണ് പടർന്നുപിടിക്കുന്നത്.

കൗമാരപ്രായക്കാരും യുവാക്കളും തെറ്റിലേക്ക് നീങ്ങുന്നത് വളരെ കൂടുതലാണിന്ന്. മയക്കുമരുന്നുൾപ്പെടെ സുഖാഢംബരങ്ങൾക്കു പിന്നാലെയാണ് അവരിലേറെപ്പേരും കുതിക്കുന്നത്. ലൈംഗികതയും ഫാഷനായി മാറിയിരിക്കുന്നു. അവരെ തിരുത്താനുള്ള നേരിൻെറ മനസ്സാക്ഷി മറ്റുള്ളവർക്കും നഷ്ടപ്പെട്ടിരിക്കുന്നു; തെറ്റുകളോടുള്ള സമൂഹത്തിൻെറ അനുരാഗവും അഭിനിവേഷവും അവരെ നിസ്സഹായരും നിസ്സംഗരുമാക്കിയതുപോലെ.

തൃഷ്ണകളാണ് പലരെയും നയിക്കുന്നത്. അധ്വാനിക്കാനുള്ള ഉത്സാഹമല്ല, വെറുതെ ലഭിക്കുവാനും സുഖിക്കുവാനുമുള്ള കൊതി. അതിൻെറ ഫലമാണ് സാമൂഹികമായി അവർ ചെയ്തു കൂട്ടുന്ന തെറ്റുകളെല്ലാം. അതിൽ ചെറിയവനോ വലിയവനോ നേതാവോ നീതനോ ഭരണാധികാരിയോ ഭരണീയനോ വ്യത്യാസമില്ല.

മനുഷ്യൻെറ പ്രത്യക്ഷശത്രുവായി തന്നെയാണ് ദൈവം പിശാചിനെ സൃഷ്ടിച്ചത്. അത് മനുഷ്യർക്കുള്ള പരീക്ഷണം. അതെപ്പറ്റി ബോധവാനായി പ്രത്യക്ഷമായും പരോക്ഷമായും പിശാചിനെ എതിരിടുകയാണ് വിജയത്തിനും സുരക്ഷക്കുമുള്ള പോംവഴി. അത് മനുഷ്യരുടെ ബാധ്യതയും ദൈവത്തിൻെറ അവകാശവുമാണ്.

ദേഹേഛക്കും പിശാചിനും വിധേയരായി ജീവിക്കുന്നതിലൂടെ സുഖഭോഗങ്ങൾ യഥേഷ്ടം അനുഭവിക്കാനായേക്കാം. പക്ഷേ, അത് അവസാനവാക്കല്ല. കാരണം, പിശാച് മനുഷ്യന് മുമ്പിൽ സമർപ്പിക്കുന്നത് ദാരിദ്ര്യവും നഷ്ടവും മാത്രമാണ്. അത് വശത്താക്കാൻ ഏറെ പ്രയാസപ്പെടേണ്ടതില്ല. എന്നാൽ സ്രഷ്ടാവായ ദൈവം മനുഷ്യരെ സുഖത്തിലേക്കും ഐശ്വര്യത്തിലേക്കുമാണ് നിത്യം വിളിക്കുന്നത്. പക്ഷേ, പിശാചിനോട് അടുപ്പം പുലർത്തി അത് നേടിയെടുക്കാനാകില്ല. കാരണം, ദൈവികമായ സൗഭാഗ്യം പൈശാചികവികാരങ്ങൾക്ക് വിരുദ്ധമാണ്. അതിനാൽ പരസ്യമായി പിശാചിൻെറ എതിരാളിയും രഹസ്യമായി അവൻെറ തോഴനുമാകുന്നത് നാം വർജിക്കണം.